പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 141

# 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 141

# 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

1476/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 141

# 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് (1974-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2009 ആഗസ്റ്റ് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. പട്ടികയുടെ ഭേദഗതി.—1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റിന്റെ പട്ടിക II-ലെ ക്രമനമ്പർ 14-ൽ,—

(i) (3)-ാം കോളത്തിൽ "13-3-74-ൽ പാട്ടത്തിനെടുത്തത്" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "13-3-74-ലും 1-2-1975-ലും പാട്ടത്തിനെടുത്തത്" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (4)-ാം കോളത്തിൽ "എം/എസ്.രാംസൺസ് & കമ്പനി, കൊല്ലം-4" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും ശേഷം "ശ്രീമതി ഡി.സുമതി, W/o ശിവദാസൻ, ജയന്തി ഹൗസ്, നടക്കാവ്, കച്ചേരി, കോഴിക്കോട്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റിന്റെ 3 ബി വകുപ്പ് പ്രകാരം, കേരള സർക്കാർ, ആക്റ്റിന്റെ പട്ടിക II-ൽ പറഞ്ഞിട്ടുള്ളതും നിലവിലുള്ളതോ കാലഹരണപ്പെട്ടതോ ആയ ഒരു പാട്ടം പ്രകാരമോ അല്ലെങ്കിൽ നിലവിലുള്ളതോ കാലാവധി തീർന്നതോ ആയ ഒരു ആവശ്യപ്പെടൽ പ്രകാരമോ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശത്തിൽ ഉണ്ടായിരുന്നതുമായ 20 കശുവണ്ടി ഫാക്ടറികൾ വിലയ്ക്കെടുക്കുകയും പ്രസ്തുത ഫാക്ടറികൾ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കൈമാറുകയും ചെയ്തു. അവയിൽ ആക്റ്റിന്റെ പട്ടിക- II-ൽ ക്രമനമ്പർ 14 ആയി ഉൾപ്പെടുത്തിയിട്ടുള്ള ഫാക്ടറി നമ്പർ 27, ഇരവിപുരം കശുവണ്ടി ഫാക്ടറിയ്ക്ക് ആകെ ഒരു ഏക്കർ 37.5 സെന്റ് സ്ഥലമാണ് ഉള്ളത്. അതിൽ, എം/എസ്.രാംസൺസ് & കമ്പനിയുടെ ഉടമസ്ഥതയിലുള്ള 1 ഏക്കർ 3 സെന്റ് സ്ഥലം ആക്റ്റിന്റെ പട്ടിക-II-ൽ ഉൾപ്പെടുത്തിയിരുന്നു, എന്നാൽ, ശ്രീമതി ഡി. സുമതിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 2961/എ-യിൽ ഉൾപ്പെട്ട 34.5 സെന്റ് സ്ഥലം പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ശ്രീമതി ഡി. സുമതിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഇരവിപുരം കശുവണ്ടി ഫാക്ടറിയുടെ അവിഭാജ്യ ഘടകമായതിനാലും ഫാക്ടറിയുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാലും പ്രസ്തുത ആക്റ്റിന്റെ പട്ടിക-II അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

പ്രസ്തുത ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുകയില്ല.

പി. രാജീവ്

(ശരിത്തർജ്ജമ)

# 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റിൽ (1974-ലെ 29) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

3 ബി.—നിലവിലുള്ളതോ കാലാവധി തീർന്നതോ ആയ ഒരു പാട്ടത്തിൻ കീഴിലോ അല്ലെങ്കിൽ നിലവിലുള്ളതോ കാലാവധി തീർന്നതോ ആയ ഒരു ആവശ്യപ്പെടൽ പ്രകാരമോ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള (കെ.എസ്.സി.ഡി.സി.) കശുവണ്ടി ഫാക്ടറികൾ വിലയ്ക്കെടുക്കൽ.—3-ാം വകുപ്പിലോ അല്ലെങ്കിൽ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ ഏതെങ്കിലും കോടതിയുടെയോ, ട്രിബ്യൂണലിന്റേയോ അല്ലെങ്കിൽ മറ്റ് അധികാര സ്ഥാനത്തിന്റെ ഉത്തരവിലോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, കരാറിലോ, മറ്റ് പ്രമാണങ്ങളിലോ എന്തുതന്നെയടങ്ങിയിരുന്നാലും ആക്റ്റിലെ II-ാം പട്ടികയിൽ പറഞ്ഞിരിക്കുന്നതും നിലവിലുള്ളതോ കാലഹരണപ്പെട്ടതോ ആയ ഒരു പാട്ടം പ്രകാരമോ അല്ലെങ്കിൽ നിലവിലുള്ളതോ കാലാവധി തീർന്നതോ ആയ ഒരു ആവശ്യപ്പെടൽ പ്രകാരമോ, ഇപ്പോൾ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശത്തിലിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ അവയുടെ അതതു ഉടമസ്ഥർക്ക് തിരികെ നൽകുകയാണെങ്കിൽ അവർ, മുഴുവനും/ഏതെങ്കിലും ജീവനക്കാർക്ക്/തൊഴിലാളികൾക്ക് തൊഴിൽ നൽകില്ലെന്നോ അങ്ങനെയുള്ള ജീവനക്കാർ/തൊഴിലാളികൾ തൊഴിൽരഹിതരായേക്കാമെന്നോ സർക്കാരിന് അഭിപ്രായമുള്ള പക്ഷം അപ്രകാരമുള്ള ജീവനക്കാർക്കും തൊഴിലാളികൾക്കും തുടർന്നും തൊഴിൽ നൽകുന്നതിനുവേണ്ടി സർക്കാരിന്, പൊതുതാൽപര്യാർത്ഥം ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് പ്രകാരം അങ്ങനെയുള്ള ഫാക്ടറികൾ സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും പ്രഖ്യാപിക്കാവുന്നതാണ്.

** ** ** **

## പട്ടിക II

(3 ബി വകുപ്പ് കാണുക)

| ക്രമ നമ്പർ | കശുവണ്ടി ഫാക്ടറിയുടെ രജി. നമ്പർ | കശുവണ്ടി ഫാക്ടറിയുടെ പേരും വിവരണവും വിശദവിവരങ്ങളും | ഉടമസ്ഥന്റെപേരും മേൽവിലാസവും |
|---|---|---|---|
| (1) | (2) | (3) | (4) |
| | രജി.നമ്പർ എപി.10 | ഫാക്ടറി നമ്പർ 4, കൃഷ്ണപുരം, കായംകുളം, ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കൃഷ്ണപുരം വില്ലേജിൽ സ്ഥിതി ചെയ്യുന്നത്. 1-3-71-ൽ പാട്ടത്തിനെടുത്തത്. | ശ്രീ.എസ്.രാമചന്ദ്രനായിക്ക്, 23-2002 കദ്രി ടെമ്പിൾ റോഡ്, മംഗലാപുരം. |
| ** | ** | ** | ** |
| 14 | രജി.നമ്പർ ക്യൂ.95 | ഫാക്ടറി നമ്പർ 27, ഇരവിപുരം, ഇരവിപുരം വില്ലേജ്, കൊല്ലം താലൂക്ക്, കൊല്ലം ജില്ല. 13-3-74-ൽ പാട്ടത്തിനെടുത്തത്. | എം/എസ്.രാംസൺസ് & കമ്പനി, കൊല്ലം-4. |
| ** | ** | ** | ** |
| 20 | രജി.നമ്പർ കെ.യു.9 | ഫാക്ടറി നമ്പർ 34, ചെങ്ങമനാട്, മേലില വില്ലേജ്, കൊട്ടാരക്കര താലൂക്ക്, കൊല്ലം ജില്ല. 13-6-74-ൽ പാട്ടത്തിനെടുത്തത്. | ഗോവിന്ദരാജ റെഡ്ഢ്യാറുടെ ഭാര്യ ശ്രീമതി രാജേശ്വരി, രാജിനിവാസ്, എൻ.എ.എൻ.ആർ. കോമ്പൗണ്ട്, മെയിൻ റോഡ്, കൊല്ലം. |

** ** ** **